റേഷൻകടകൾവഴി വിൽക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് നൽകുന്ന സബ്സിഡി

23 [3445] ശ്രീ. എം. എം. ഹസ്സൻ:
" പി. ടി. തോമസ്:
" കെ. മോഹൻകുമാർ:
" ബി. വിജയകുമാർ:
" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുണ്ട്;

(ബി) റേഷൻകടകൾവഴി വിൽക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് നൽകുന്ന എന്തെല്ലാം വിധത്തിലുള്ള സബ്സിഡി ഓരോ വിഭാഗങ്ങൾക്കുംവേണ്ടി നൽകുന്നുണ്ട്;

(സി) ഈ സബ്സിഡി എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-7-2005-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് റേഷൻ മൊത്ത വ്യാപാരകേന്ദ്രങ്ങളിൽ 11972.370 മെട്രിക് ടൺ അരിയും 7116.710 മെട്രിക് ടൺ ഗോതമ്പും ചില്ലറ വ്യാപാരകേന്ദ്രങ്ങളിൽ 13213.900 മെട്രിക് ടൺ അരിയും 4026.840 മെട്രിക് ടൺ ഗോതമ്പും സ്റ്റോക്കുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ എഫ്. സി. ഐ. ഡിപ്പോകളിലായി 9-8-2005-ൽ 235276 മെട്രിക് ടൺ അരിയും 78905 മെട്രിക് ടൺ ഗോതമ്പും സ്റ്റോക്കുണ്ട്.

(ബി) സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യങ്ങൾക്ക് ഇപ്പോൾ സബ്സിഡി നൽകുന്നില്ല. എന്നാൽ എ.പി.എൽ. വിഭാഗത്തിന് അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും ബി. പി. എൽ. 6.20 രൂപ നിരക്കിലും എ. എ. വൈ. 3 രൂപ നിരക്കിലും സബ്സിഡി നൽകിയാണ് വിതരണം നടത്തുന്നത്. കൂടാതെ, അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യ നിരക്കിലും വിതരണം നടത്തിവരുന്നു. അതുപോലെതന്നെ ഗോതമ്പ് എ. പി. എൽ. വിഭാഗത്തിന് 6.70 രൂപ പ്രകാരവും ബി. പി. എൽ. വിഭാഗത്തിന് 4.70 രൂപ പ്രകാരവും സബ്സിഡി നൽകി വിതരണം നടത്തിവരുന്നു.

(സി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന അരിയുടെ ഇക്കണോമിക് കോസ്റ്റ് കിലോയ്ക്ക് 13.10 രൂപ മുതൽ 13.60 രൂപ വരെയും ഗോതമ്പിന്റേത് 10.05 രൂപയുമാണ്. എന്നാൽ കേന്ദ്ര സർക്കാർ വിതരണത്തിനായി അനുവദിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വില 'ബി'-യിൽ സൂചിപ്പിച്ചിരിക്കുന്നപ്രകാരം നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഈ രണ്ടു വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി അനുവദിച്ചിട്ടുള്ള തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly